"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് -ക്ലാസിഫിക്കേഷൻ/ അക്രഡിറ്റേഷൻ പദ്ധതി- ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ ഫീ നിരക്ക് അമ്യൂസ്‌മെന്റ് പാർക്ക് ക്ലാസ്സിഫിക്കേഷൻ ഫീ നിരക്ക് എന്നിവ പരിഷ്കരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(കൈ) നം.11/2025/TSM തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-
1. സ.ഉ(അച്ചടി)നം.**363/98**/പൊ.ഭ.വ തീയതി **02.06.1998**
2. സ.ഉ(എം.എസ്)നം.**53/09/TSM** തീയതി **28.02.2009**
3. സ.ഉ(അച്ചടി)നം.**55/2024**/ധന തീയതി **17.07.2024**
4. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **23.07.2024** തിയതിയിലെ **DOT/2593/2024-ATIO1(M)** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിനോദ സഞ്ചാരം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ സംഭാവന നൽകുന്ന മേഖലയാണ്. കേരളത്തിലെത്തുന്ന സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്കു ഉന്നത നിലവാരത്തിലുള്ള താമസവും, ഭക്ഷണ സൗകര്യങ്ങളും, പരിസ്ഥിതി സൗഹാർദ്ദപരമായ അനുഭവങ്ങളും ഒരുക്കി, സംരംഭകരെയും ടൂറിസം വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ക്ലാസിഫിക്കേഷൻ/ അക്രഡിറ്റേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.ഇത്തരത്തിൽ സംരഭകരിൽ നിന്നും ഈടാക്കപ്പെടുന്ന ഫീ സർക്കാർ വരുമാനത്തിന് മുതൽക്കൂട്ടാകുകയാണ്.

**2.** പരാമർശം(**3**) പ്രകാരം ഓരോ വകുപ്പിന്റെയും നോൺ ടാക്സ് റവന്യൂ ഫീസുകൾ/ചാർജുകൾ തുടങ്ങിയവയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിന് അതാതു വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ നിരക്ക്(ഹെഡ് ഓഫീസിൽ നൽകാനുള്ളത്) പരാമർശം (2) പ്രകാരം 6500 ആയും,അമ്യൂസ്മെന്റ് പാർക്ക് ക്ലാസ്സിഫിക്കേഷൻ നിരക്ക് പരാമർശം (3) പ്രകാരം 5000 രൂപയുമായാണ് നിലവിൽ നിഷ്ക്കർഷിച്ചിരിക്കുന്നത്.

3. ക്ലാസിഫിക്കേഷൻ/അക്രഡിറ്റേഷൻ അപേക്ഷാ നിരക്കുകൾ വർഷങ്ങളായി മാറ്റമില്ലാതെ തുടരുന്നത്, സർക്കാർ വരുമാനത്തിൽ കുറവുണ്ടാക്കുന്നതോടൊപ്പം, സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രതിബന്ധമായി തുടരുകയാണെന്നും ഈ സാഹചര്യത്തിൽ, ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ ഫീ നിരക്ക്, അമ്യൂസ്മെന്റ് പാർക്ക് ക്ലാസ്സിഫിക്കേഷൻ ഫീ നിരക്ക് എന്നിവ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ ഫീ നിരക്ക്, അമ്യൂസ്മെന്റ് പാർക്ക് ക്ലാസ്സിഫിക്കേഷൻ ഫീ നിരക്ക് എന്നിവ നിലവിലെ നിരക്കുകളിൽ നിന്നും 25% വർദ്ധനവോടെയും ഉടനടി പ്രാബല്യത്തോടെയും ചുവടെ ചേർക്കും പ്രകാരം പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇനം | നിലവിലെ നിരക്ക് (Rs.) | പുതുക്കിയ നിരക്ക് (Rs.) |
|---|---|---|
| ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ ഫീ | 6500 | 8125 |
| അമ്യൂസ്മെന്റ് പാർക്ക് ക്ലാസ്സിഫിക്കേഷൻ ഫീ | 5000 | 6250 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ധനകാര്യ (റവന്യ മോണിറ്ററിങ് സെൽ) വകുപ്പ്
വിനോദ സഞ്ചാര (എ/സി) വകുപ്പ്
വിവര, പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 02-07-2025 11:13:51
സെക്ഷൻ ഓഫീസർ

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എസ്സ്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എസ്സ്